കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 30 | 2022 |
| --- | --- | --- |



ശബരിമല പത്രക്കുറിപ്പ് - 2


ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com


# മകരവിളക്ക് മഹോത്സവത്തിന് നടതുറന്നു

***ശബരിമലയിൽ അയ്യനെ കാണാൻ ഭക്തജന പ്രവാഹം**

ശബരിമല: ആശ്രിതവത്സലനായ അയ്യനെ കാണാൻ കൂപ്പുകൈകളും ശരണംവിളികളുമായി കാത്തുനിന്ന ആയിരക്കണക്കിന് അയ്യപ്പൻമാർക്ക് ദർശനപുണ്യം. ഇന്നലെ (ഡിസംബർ 30)വൈകിട്ട് അഞ്ചിന് തന്ത്രി കണ്ഠരര് രാജീവര് നട തുറന്നപ്പോൾ സന്നിധാനം ശരണമന്ത്രങ്ങളാൽ മുഖരിതമായി. മാളികപ്പുറം മേൽശാന്തി ഹരിഹരൻ നമ്പൂതിരി ശബരീശന്റെ തിരുവിഗ്രഹത്തിൽ ചാർത്തിയ വിഭൂതിയും, മാളികപ്പുറം തിരുനടയുടെ താക്കോലും ഏറ്റുവാങ്ങി ഗണപതിയെയും നാഗരാജാവിനെയും തൊഴുത് മാളികപ്പുറം ശ്രീകോവിൽ നടതുറന്നു. മേൽശാന്തിയുടെ ചുമതലയുള്ള തിരുവല്ല കാവുംഭാഗം നാരായണൻ നമ്പൂതിരി പതിനെട്ടാം പടിയിറങ്ങി ആഴി തെളിയിച്ചതോടെ ഭക്തരെ പതിനെട്ടാം പടിയിലൂടെ കടത്തിവിട്ടു.

നിലക്കലിൽ നിന്നും രാലിലെ 10 മണി മുതലാണ് വാഹനങ്ങൾ പമ്പയിലേക്ക് കടത്തിവിട്ടത്. 12 മണിയോടെ അയ്യപ്പൻമാർ കാനന പാതയിലൂടെ സന്നിധാനത്തേക്ക് യാത്ര തുടങ്ങി. ഉച്ച മുതൽ സന്നിധാനവും പരിസ
രവും തീർത്ഥാടകരുടെ ശരണം വിളികളാൽ മുഖരിതമായി. മണിക്കൂറുകളുടെ കാത്തിരിപ്പിനൊടുവിൽ നട തുന്നപ്പോൾ ശരണം വിളികൾ ഉച്ഛസ്ഥായിലെത്തി. ഹൃദയത്തിൽ അലതല്ലിയ ഭക്തിയുമായി ഒടുവിൽ പതിനെട്ടാംപടി കയറി ദർശന സായൂജ്യം. നട തുറക്കുമ്പോൾ എക്സിക്യൂട്ടീവ് ഓഫീസർ എച്ച് കൃഷ്ണകുമാർ, അസിസ്റ്റന്റ് എക്സിക്യുട്ടീവ് ഓഫീസർ എം രവികുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ പി എസ് ശാന്തകുമാർ എന്നിവരുമു ായിരുന്നു. മകരവിളക്ക് തീർഥാടന കാലത്തെ പൂജകൾ 31ന് പുലർച്ചെ മൂന്ന് മണിക്ക് നിർമാല്യത്തിനു ശേഷം തുടങ്ങും. ജനുവരി 14നാണ് മകരവിളക്ക്.

(പി.ആർ. ശബരി- 216)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.